ഉത്തരം

(എ & ബി) സാമൂഹ്യക്ഷേമ വകുപ്പ് ജയിൽമോചിതരുടെ സാമൂഹ്യ പുനരധിവാസ പദ്ധതിയുടെ ഭാഗമായി സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് 15,000 രൂപ ഒറ്റത്തവണ ധനസഹായമായി നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന പ്രൊബേഷൻ ഓഫീസർ ഗ്രേഡ്-1 മുഖേന അപേക്ഷകൾ സ്വീകരിച്ച് ആഫ്റ്റർ കെയർ അസ്സോസിയേഷന്റെ അംഗീകാരത്തോടുകൂടി സാമൂഹ്യക്ഷേമ ഡയറക്ടർ സംസ്ഥാന തലത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നു.

(ഡി) സാമൂഹ്യക്ഷേമ ഡയറക്ടർ മെമ്പർ സെക്രട്ടറിയായിട്ടുള്ള ആഫ്റ്റർ കെയർ അസ്സോസിയേഷൻ ഈ പദ്ധതി നടപ്പിലാക്കുന്നതിന് പ്രവർത്തിക്കുന്നു.

(ഇ) കേന്ദ്രസർക്കാരിന്റെ യാതൊരു സഹായവും ഈ പദ്ധതിക്കായി ലഭ്യമായിട്ടില്ല.

തടവുകാരുടെ വിചാരണയ്ക്കായി ഹൈടെക് സംവിധാനം

74 (1544) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തടവുകാരുടെ വിചാരണയ്ക്കായി ഹൈടെക് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എപ്രകാരമുള്ള സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ആയതിലേക്ക് ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുക എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതുകൊണ്ട് എന്തെല്ലാം ഗുണഫലങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. ജയിലുകളേയും കോടതികളേയും തമ്മിൽ ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഘട്ടം ഘട്ടമായി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കണക്കാക്കിയിട്ടില്ല.

(ഡി) കോടതിയിലെ കേസ്സുകൾ വളരെവേഗം തീർപ്പാക്കുക, തടവുകാരെ കോടതിയിലേക്ക് കൊണ്ടുപോകുമ്പോൾ അനുഗമിക്കേണ്ടിവരുന്ന പോലീസിനെ ക്രമസമാധാന പരിരക്ഷയ്ക്കായി പ്രയോജനപ്പെടുത്തുക, തടവുകാർക്കും പോലീസുകാർക്കും നൽകേണ്ടിവരുന്ന വഴിച്ചെലവ്, ദിനബത്ത, ഭക്ഷണബത്ത എന്നിവ ലാഭിക്കുക, നിയമവിരുദ്ധ ലഹരിപദാർത്ഥങ്ങൾ തടവുകാർക്ക് പുറത്ത്നിന്ന് കൈമാറുന്നത് തടയുക, തടവുകാരുടെ കോടതിയിലേക്കുള്ള

LIBRARY ARCHIVES Kerala Legislative Assembly

യാത്രക്കിടയിലെ രക്ഷപ്പെടൽ തടയുക, ഒരു പ്രതിയെ വിവിധ കോടതികളിലുള്ള വിവിധ കേസ്സുകളിൽ ഒരേ ദിവസം ഹാജരാക്കുക, ഗതാഗതസൗകര്യം ലഭ്യമല്ലാത്ത ഹർത്താൽ/പണിമുടക്ക് ദിവസങ്ങളിൽ വിചാരണ നടത്തുക, ജയിൽ ഉദ്യോഗസ്ഥന്മാരുടെ സമയവും ഊർജ്ജവും മറ്റ് പ്രയോജനപ്രദമായ കാര്യങ്ങൾക്കായി പ്രയോജനപ്പെടുത്തുക എന്നീ കാര്യങ്ങൾ വീഡിയോ കോൺഫറൻസിംഗ് സംവിധാനം കൊണ്ട് സാധിക്കുന്നു.

ജയിൽ സൂപ്രണ്ടുമാരുടെ നിയമനം

75 (1545) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽ സൂപ്രണ്ടുമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; ഇത് നികത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ;

(ബി) ജയിൽ സൂപ്രണ്ടുമാരുടെ പ്രൊമോഷൻ നടപ്പിലാക്കുന്നതിന് ഡി.പി.സി. കൂടിയോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഉടനെ ഡി.പി.സി. കൂടുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സെൻട്രൽ ജയിൽ സൂപ്രണ്ടുമാരുടെ 2 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇല്ല.

(സി) ഡി.പി.സി. കൂടുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

സംസ്ഥാനത്ത് കൂടുതൽ വിജിലൻസ് കോടതികൾ

76 (1546) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിജിലൻസ് കേസ്സുകളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇത്തരം കേസ്സുകളുടെ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) ഇതിനായി സംസ്ഥാനത്ത് കൂടുതൽ വിജിലൻസ് കോടതികൾ സ്ഥാപിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly